**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സഹകരണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സഹകരണ വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കെ 453 എരുമേലി പട്ടികജാതി സഹകരണസംഘത്തിന് ടൂറിസം പദ്ധതി പ്രകാരം സംഘത്തിന്റെ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി.<br>2. പനക്കച്ചിറ എസ്.സി.സഹകരണ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കാൻ 3 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡി ഇനത്തിൽ 1,20,000/-രൂപയും പ്ലാൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | 1.കെ 453 എരുമേലി പട്ടികജാതി സഹകരണസംഘത്തിന് ടൂറിസം പ്ലാൻ പദ്ധതി പ്രകാരം ലഭിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് സംഘത്തിന്റെ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി ശബരിമല സീസണിൽ അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും താമസിക്കുന്നതിനുമുള്ള ഇടത്താവളവും ഒരുക്കിയിട്ടുണ്ട്.<br>2.പനക്കച്ചിറ എസ്.സി.സഹകരണ സംഘത്തിന് റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കാൻ 3 ലക്ഷം രൂപയും മാനേജീരിയൽ സബ്സിഡി ഇനത്തിൽ 1,20,000/-രൂപയും പ്ലാൻ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി സംരംഭം വളരെ മെച്ചമായ രീതിയിൽ പ്രവർത്തനം നടത്തുന്നു. ആയത് പ്രകാരം അംഗങ്ങളായ 15 വനിതകൾക്ക് നേരിട്ട് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ